നം. ജി3/31727/2015/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം
തീയതി: 31-10-2015
ഫോൺ:- 0471 230 3107

# പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് –തിരുവനന്തപുരം-സർക്കാർ കോളേജ് പഠനയാത്രയ്ക്കുള്ള നിബന്ധനകൾ-സംബന്ധിച്ച്.

സൂചന:- 1. ഈ കാര്യാലയത്തിലെ ഇതേ നമ്പറായ 22-08-2014 തീയ്യതിയായ പരിപത്രം
2. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഹാൻഡ് ബുക്ക്

******************************

പഠനയാത്രയുമായി ബന്ധപ്പെട്ട് സൂചന പ്രകാരമുള്ള നിർദ്ദേശങ്ങൾ താഴെ പറയുന്ന പ്രകാരം ഭേദഗതി വരുത്തിയതായി അറിയിയ്ക്കുന്നു.

1). പഠനയാത്രയ്ക്കുള്ള അപേക്ഷ ഒരു മാസം മുൻപേ തന്നെ ഈ സ്ഥാപനത്തിൽ ലഭിക്കേണ്ടതാണ്.

2). നിശ്ചിത പ്രൊഫോർമയിൽ എച്ച്.ഒ.ഡി. യുടെ തീയ്യതിയോടു കൂടിയ ഒപ്പും പേരും, സീലും, പ്രിൻസിപ്പാളിന്റെ റേക്കമന്റേഷനോടു കൂടിയ ഒപ്പ്, സീൽ എന്നിവയോടു കൂടി വേണം അപേക്ഷ അയയ്ക്കുവാൻ

3). ആമുഖ കത്തിലും പ്രൊഫോർമയിലും വിനോദയാത്രയാണോ പഠനയാത്രയാണോ എന്ന് വ്യക്തമായ് രേഖപ്പെടുത്തണം.

4). 20:1 എന്ന വിദ്യാർത്ഥി –അദ്ധ്യാപക അനുപാതത്തിൽ വേണം അദ്ധ്യാപകരെ നിയോഗിക്കാൻ. സ്ഥിരം അദ്ധ്യാപകരെ മാത്രമേ പഠനയാത്രയിൽ അനുഗമിക്കാൻ നിയോഗിക്കാൻ പാടുള്ളൂ.

5). യാത്രയ്ക്ക് വിദ്യാർത്ഥികളെ അനുഗമിക്കുന്ന സ്റ്റാഫിന് (അറ്റൻഡർ ഉൾപ്പെടെ) Special Conveyance ഉപയോഗിക്കുന്നെങ്കിൽ T.A അനുവദനീയമല്ല.

6). ടൂർ പ്രോഗ്രാമിന്റെ ഷെഡ്യൂൾ, വിദ്യാർത്ഥികളുടെ ലിസ്റ്റ് എന്നിവ വകുപ്പ് മേധാവി ഒപ്പു വെച്ച് പ്രിൻസിപ്പാൾ മേലൊപ്പ് വച്ച് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

7). ബോട്ടണി, സുവോളജി, ജിയോളജി (ബി.എസ്.സി / എം.എസ്.സി) വിദ്യാർത്ഥികളുടെ പഠനയാത്രയ്ക്ക് ഒരു അറ്റൻഡർ കൂടി അനുഗമിക്കാവുന്നതാണ്.

8). ഹാൾട്ടിന് പരമാവധി 7 ദിവസമാണ് അനുവദിച്ചിരിക്കുന്നത്.

9). പഠനയാത്ര പാഠ്യപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ് എന്ന് സർട്ടിഫിക്കറ്റ് അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്. (എച്ച്.ഒ.ഡി. യുടെ സർട്ടിഫിക്കറ്റ് പ്രിൻസിപ്പാൾ മേലൊപ്പ് വച്ചത്)

10). പെൺകുട്ടികൾ ഉൾപ്പെടുന്ന പഠനയാത്രയിൽ ഒരു അദ്ധ്യാപികയെ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
ഡോ. തോമസ് കുരുവിള
കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ

\\ അംഗീകാരത്തോടെ \\

സൂപ്രണ്ട്

എ കെ 11-11-15